**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377** | **19-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പുരോഗതിക്കായി യുവജന പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമസഭകളിലും സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക ആസൂത്രണത്തിന് ഗ്രാമസഭകൾ യോഗം ചേരുന്നതിന് മുമ്പ് പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണ പരിപാടികൾ ദൃശ്യ-ശ്രാവ്യ-സാമൂഹ്യ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, കുടുംബശ്രീ ശൃംഖല തുടങ്ങിയവയിലൂടെ നൽകുന്നത് വഴി ഗ്രാമസഭകളിൽ യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കഴിയുന്നുണ്ട്. കൂടാതെ, ഗ്രാമസഭ ഓൺലൈനായി ചേരുന്നതിന് ഐ.കെ.എം തയ്യാറാക്കി വരുന്ന ഓൺലൈൻ ഗ്രാമസഭ പോർട്ടൽ വഴി ഗ്രാമസഭകളിൽ യുവജനങ്ങൾ ഉൾപ്പടെയുള്ളവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നതാണ്. സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ താല്പര്യമുള്ള ഏതൊരു വ്യക്തിക്കും www.sannadhasena.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്തു സാമൂഹിക സന്നദ്ധസേനയുടെ ഭാഗമാകാവുന്നതാണ്.<br><br>സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്തിന്റെ സർവതോന്മുഖമായ പുരോഗതിയിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br><br>1.) യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും റാഗിംഗ് - സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയും തടയുന്നതിനായി സന്നദ്ധ പ്രവർത്തകരുടെ ഒരു |

| | | | |
|---|---|---|---|
| | | | കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ തുടങ്ങി യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നു.<br><br>2) ഗ്രീൻ യൂത്ത് പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനുമായി സേവന സന്നദ്ധരായ ഒരുകൂട്ടം യുവജനങ്ങളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി സർക്കാരിന്റെ വിവിധ പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് യുവജന കമ്മീഷൻ രൂപം നൽകിയിട്ടുണ്ട്. ശുചിത്വ മിഷനുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലൂടെ അവ പൊതുജനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കുന്നതിനും, പരിസ്ഥിതി മലിനീകരണത്തിന് എതിരെ യുവാക്കളുടെ കൂട്ടായ്മകൾ രൂപീകരിച്ച് ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവുമാണ് ടി പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>കൂടാതെ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022-23 വർഷം വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. നീന്തൽ പരിശീലനം, കായിക മത്സരങ്ങൾ, ട്രക്കിംഗ്, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റിവൽ, "ടീം കേരള" സന്നദ്ധ സേനാംഗങ്ങളുടെ പരിശീലനം, ലഹരി വിരുദ്ധ ക്യാമ്പയിൻ, വിവിധ തൊഴിൽ പരിശീലനങ്ങൾ, കാർഷിക ക്ലബ്ബുകളിലൂടെയുള്ള പരിശീലനം എന്നിവയും ഫ്ലാറ്റ് ക്ലബ്ബ്, അവളിടം ക്ലബ്ബ്, യൂത്ത്-യുവാ ക്ലബ്ബ് തുടങ്ങിയവ മുഖേന വിവിധ പരിപാടികളും സംഘടിപ്പിക്കുന്നു. |
| (ബി) | രാഷ്ട്ര പുനർനിർമ്മാണത്തിലും വികസനത്തിലും യുവജനങ്ങളുടെ ബൗദ്ധികവും കായികവുമായ ശേഷി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | രാഷ്ട്ര പുനർനിർമ്മാണത്തിലും വികസനത്തിലും യുവജനങ്ങളുടെ ബൗദ്ധികവും കായികവുമായ ശേഷി പ്രയോജനപ്പെടുത്തുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷന്റെ പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മാർഷ്യൽ ആർട്സ് പരിശീലനം, ദേശീയ യുവജനദിനാഘോഷത്തിൽ ഉൾപ്പെടുത്തി |

പ്രസംഗ മത്സരം, സെമിനാറുകൾ എന്നിവ നടത്തിവരുന്നു.

കൂടാതെ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ട്രാൻസ് ജെൻഡർ ശാക്തീകരണം

ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

ലഹരിവിരുദ്ധ ക്യാമ്പയിൻ

അവളിടം ക്ലബ്ബ്, കതിർ കാർഷിക ക്ലബ്ബുകൾ, യൂത്ത് യുവാ ക്ലബ്ബുകൾ, ഫ്ലാറ്റ് ക്ലബ്ബുകൾ, മാരിവിൽ ക്ലബ്ബ്, YES ക്ലബ്ബ് എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ പരിപാടികൾ.

വിവിധ ദിനാചരണങ്ങൾ

തൊഴിൽ പരിശീലനത്തിനായി എൽ.ഇ.ഡി ബൾബ് നിർമ്മാണം

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര ക്വിസ്സ്

ഓൺലൈൻ ഡെലിവറി സംവിധാനം

സെക്യൂരിറ്റി സർവ്വീസ്

ടൂർ ഗൈഡ് സർവ്വീസ്

നീന്തൽ പരിശീലനം

കായിക മത്സരങ്ങൾ

അമ്പെയ്ത്ത് പരിശീലനം

ബീച്ച് ഫെസ്റ്റ്

ട്രെക്കിംഗ്

സാഹസിക കാർണിവൽ

സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം

മണിനാദം (നാടൻപാട്ട് മത്സരം)

ഷോർട്ട് ഫിലിം ഫെസ്റ്റിവൽ

സാഹിത്യ ക്യാമ്പ്

മാധ്യമ ക്യാമ്പ്

| | | | |
|---|---|---|---|
| | | | ടീം കേരള (കേരള യൂത്ത് ഫോഴ്സ് പരിശീലനം)<br><br>കേരളോത്സവം.<br><br>കൂടാതെ, കായിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ഓരോ വർഷവും ഗ്രാമ പഞ്ചായത്തുകൾ ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നുണ്ട്. |
| (സി) | പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ യുവജനങ്ങളെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാകുന്നതിനു വേണ്ടി അടിയന്തര പ്രതികരണ ടീം (Emergency Response Team) രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് പരിശീലനം സിദ്ധിച്ചവരും പ്രദേശത്തെ ഭൂഘടനയെ കുറിച്ച് അറിയുന്നവരുമായ യുവജനങ്ങളെ ഉൾപ്പെടുത്തി ടീം രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ തുടങ്ങിയവ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജനങ്ങളെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമാക്കുന്നതിനു വേണ്ടി കേരള സംസ്ഥാന യുവജന കമ്മിഷൻ യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിക്കുകയും ആയത് മുഖ്യമന്ത്രിയുടെ "സന്നദ്ധം" പോർട്ടലിൽ ലയിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവജന പങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ **ടീം കേരള** എന്ന സന്നദ്ധ സേവന സേന കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തോടെയാണ് ഈ സന്നദ്ധ സേവന സേനയ്ക്ക് രൂപം നൽകിയത്. പ്രളയത്തിൽ കൈത്താങ്ങായി മാറിയ യുവാക്കളെ ഉൾപ്പെടുത്തി കേരളത്തിന് സ്വന്തമായൊരു സന്നദ്ധ സേവന സേന എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സേനയിൽ ഓൺലൈനായി 1,15,000/-പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി. രജിസ്റ്റർ ചെയ്തവരിൽ നിന്നും സന്നദ്ധരായവരെ തെരഞ്ഞെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ്, ഫയർ & സേഫ്റ്റി, ഫസ്റ്റ് എയ്ഡ്, കായിക പരിശീലനം, കൗൺസിലിംഗ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ വനിതകൾക്കും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 300 പേരടങ്ങുന്ന ഒരു വനിതാ ടീമിന് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയ രക്ഷാ പ്രവർത്തനങ്ങളിൽ സർക്കാർ |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളെ സഹായിക്കുന്നതിനും, കളക്ഷൻ സെന്ററുകൾ ആരംഭിച്ച് അതുവഴി ദുരിതം അനുഭവിക്കുന്നവർക്ക് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനും ഈ സന്നദ്ധ സേവന സേനയ്ക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് സാനിട്ടൈസിംഗ്, മാസ്ക് വിതരണം, ലോക്ക്ഡൗൺ കാലത്തെ സേവനങ്ങൾ, ജീവൻരക്ഷാ മരുന്നുകളും മറ്റ് അവശ്യസാധനങ്ങളും എത്തിച്ചു കൊടുക്കൽ, സ്കൂളുകളും സർക്കാർ ഓഫീസുകളും പൊതുവിടങ്ങളും അണുവിമുക്തമാക്കുക, സി.എഫ്.എൽ.റ്റി.സി കേന്ദ്രങ്ങളിലെ സേവനങ്ങൾ, കമ്മ്യൂണിറ്റി കിച്ചണിലെ സേവനങ്ങൾ, പ്രത്യേക മെഡിക്കൽ ടീമിന്റെ വിവര ശേഖരണം, രക്തദാനം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ഡി) | യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വ ശീലം വളർത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വ ശീലം വളർത്തുന്നതിന് വേണ്ടി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും, കെ.എസ്.ഐ.ഡി.സി പോലെയുള്ള ഏജൻസികളും നിലവിൽ നടപ്പാക്കിവരുന്ന സംരംഭകത്വ സ്കീമുകളിൽ നിന്നുള്ള സഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>യുവജനങ്ങളിൽ കൂട്ടായ സംരംഭകത്വശീലം വളർത്തുന്നതിനുവേണ്ടി യുവജനകൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുക എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അസംസ്കൃത വസ്തുക്കൾ വാങ്ങി യുവജനങ്ങളുടെ സഹകരണത്തോടെ എൽ.ഇ.ഡി ബൾബ് നിർമ്മിച്ച് വിതരണം നടത്തുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ പൈലറ്റ് പദ്ധതി എന്ന നിലയിൽ എറണാകുളം ജില്ലയിൽ ഓൺലൈൻ ഡെലിവറി സംവിധാനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നുണ്ട്. സെക്യൂരിറ്റി സർവ്വീസ്, ടൂർഗൈഡ് സർവ്വീസ്, സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ട്രാൻസ് ജെൻഡർ വിഭാഗത്തിന് തൊഴിൽ പരിശീലനം, അവളിടം ക്ലബ്ബുകൾക്ക് കലാട്ടൂപ്പ്, കാറ്ററിംഗ് യൂണിറ്റുകൾ, കതിർ ക്ലബ്ബുകൾക്ക് ശാസ്ത്രീയ കൃഷിരീതിയിൽ പരിശീലനം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ